**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 358**

**12/11/2019 ലെ മറുപടിയ്ക്ക്**

**എൽ.ഐ.സി മാതൃകയിൽ സംസ്ഥാനത്ത് ഇൻഷുറൻസ് കമ്പനി**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീ.എം. സ്വരാജ്**<br>**ശ്രീ.വി. കെ. സി. മമ്മത് കോയ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| **എ** | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ഇൻഷുറൻസ് സ്ഥാപനങ്ങളെ സംബന്ധിച്ചും അവ സംസ്ഥാനത്തുനിന്നും ഇൻഷുറൻസ് ഇനത്തിൽ സംഭരിക്കുന്ന തുകയെ സംബന്ധിച്ചും എന്തെങ്കിലും വിവരശേഖരണം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | വിവരശേഖരണം നടത്തിയിട്ടില്ല. |
| **ബി** | സ്റ്റേറ്റ് ഇൻഷുറൻസിന്റെ പ്രവർത്തനങ്ങൾ ആകർഷകമാക്കുന്നതിനും ഇൻഷുറൻസ് പരിരക്ഷയും നഷ്ടപരിഹാരവും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | വകുപ്പിന്റെ പ്രധാന പദ്ധതിയിൽ ഒന്നായ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയുടെ മരണാനന്തര ആനുകൂല്യങ്ങൾ ഇരട്ടിയാക്കി ഈ സർക്കാരിന്റെ കാലയളവിൽ ഉയർത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വകുപ്പിന്റെ ഇൻഷുറൻസ് ബിസിനസ്സ് വിപുലപ്പെടുത്തുന്നതിനും മറ്റുമായി ഇൻഷുറൻസ് മേഖലയിൽ നിന്നും വിദഗ്ധനായ ഒരാളെ ഇൻഷുറൻസ് വകുപ്പിൽ കൺസൾട്ടന്റായി നിയമിക്കുന്ന കാര്യം പരിഗണനയിലാണ്. കൂടാതെ വകുപ്പിന്റെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ വകുപ്പിലെ വിശ്വാസ് സോഫ്റ്റ്വെയർ കാലോചിതമായി പരിഷ്കരിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. |
| **സി** | ലക്ഷക്കണക്കിന് പോളിസികളിലൂടെ പ്രതിമാസം കോടികൾ സംഭരിക്കുന്ന എൽ.ഐ.സി യ്ക്കും ആകർഷകമായ പരസ്യം നൽകി ജനങ്ങളെ കൊള്ളയടിക്കുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കുമിടയിൽ സംസ്ഥാനം എൽ.ഐ.സി മാതൃകയിലുള്ള ഇൻഷുറൻസ് കമ്പനി രൂപീകരിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്കും | പൊതുജനങ്ങൾക്കായി ഇൻഷുറൻസ് പദ്ധതികൾ നടപ്പാക്കുന്നതിന് ഐ.ആർ.ഡി.എ. നിയമം പ്രകാരം വകുപ്പിന് പരിമിതികളുണ്ട്. എങ്കിലും ഇതു സംബന്ധിച്ച വിശദമായ പഠനങ്ങൾക്ക് ശേഷം ഐ.ആർ.ഡി.എ. യുടെ അനുമതിയ്ക്ക് വിധേയമായി പൊതുജനങ്ങൾക്കായി ഇൻഷുറൻസ് വകുപ്പ് മുഖേന ഇൻഷുറൻസ് പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

| | | |
|---|---|---|
| | ജനങ്ങൾക്ക് സുരക്ഷിതമായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം ആലോചനകൾ സർക്കാർ നടത്തുമോ എന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ